## അഞ്ചാം സമ്മേളനത്തിന്റെ സംക്ഷിപ്തം

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....,

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2017-18 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ വിശദമായി ചർച്ച ചെയ്തു പാസ്സാക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാന ഉദ്ദേശ്യം. 2017 ഏപ്രിൽ 25-ാം തീയതി ആരംഭിച്ച ഈ സമ്മേളനം ഇന്ന് അവസാനിക്കുമ്പോൾ സഭ ആകെ 21 ദിവസമാണ് സമ്മേളിച്ചത്. ഒന്നാം കേരള നിയമസഭ അതിന്റെ ആദ്യ സമ്മേളനം ചേർന്നത് 1957 ഏപ്രിൽ 27-ന് ആയിരുന്നു. അതിന്റെ 60-ാം വാർഷികദിനം ഈ സമ്മേളന കാലയളവിലായിരുന്നു നാം ആചരിച്ചത്. അന്നേ ദിവസത്തെ സഭയുടെ സമ്മേളനം സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ മന്ദിരത്തിൽ ചേർന്ന് നമ്മുടെ മുൻഗാമികളായിരുന്ന നിയമസഭാ സാമാജികരെയും അവരുടെ പ്രവർത്തനങ്ങളെയും അനുസ്മരിക്കുകയും പഴയകാല ഓർമ്മകൾ പുതുക്കുകയും ചെയ്തു. അതോടൊപ്പം സംസ്ഥാനത്ത് മലയാള ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ള ശക്തമായ ഒരു നിയമനിർമ്മാണത്തിനുള്ള തുടക്കം കുറിക്കുവാനും ആ സമ്മേളനം സാക്ഷിയായി.

അഞ്ചാം സമ്മേളനകാലയളവിൽ സഭ സമ്മേളിച്ച 21 ദിവസങ്ങളിൽ 12 ദിവസം ധനാഭ്യർത്ഥന ചർച്ചകൾക്കായി മാറ്റിവച്ചതിനുപുറമേ 4 ദിവസം നിയമനിർമ്മാണത്തിനും 2 ദിവസം മറ്റ് ധനകാര്യ നടപടികൾക്കും 3 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കിവയ്ക്കുകയുണ്ടായി. നിയമനിർമ്മാണത്തിൽ 2 ധനവിനിയോഗ ബില്ലുകൾക്കു പുറമേ ഏറെ ചർച്ച ചെയ്യപ്പെട്ട, മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലും 2017- ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലും 2017-ലെ കേരള ധനകാര്യ ബില്ലുമാണ് സഭ പാസ്സാക്കിയത്. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കി വച്ച 3 ദിനങ്ങളിൽ ഒരു ദിവസം ബില്ലുകളും രണ്ടു ദിവസം പ്രമേയങ്ങളുമാണ് സഭ പരിഗണിച്ചത്. ബില്ലുകളുടെ കാര്യത്തിൽ 5 സ്വകാര്യബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയങ്ങൾ സഭ പരിഗണിക്കുകയുണ്ടായി. അതുപോലെ സഭ മുമ്പാകെവന്ന അഞ്ച് അനൗദ്യോഗിക പ്രമേയങ്ങളിൽ ഒരെണ്ണം ഗവൺമെന്റ് വരുത്തിയ ഭേദഗതിയോടെയും ഒരെണ്ണം അതേ രൂപത്തിലും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

20 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസുകളാണ് സമ്മേളനകാലയളവിൽ സഭാതലത്തിൽ പരിഗണിക്കപ്പെട്ടത്. ഈ

സമ്മേളനവുമായി ബന്ധപ്പെട്ട് 660 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 5921 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 80 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 691 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. 37 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 197 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. കൂടാതെ ചട്ടം 118 പ്രകാരം മൂന്ന് ഗവൺമെന്റ് പ്രമേയങ്ങൾ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. ചട്ടം 300 അനുസരിച്ച് സമ്മേളനകാലയളവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും സഭയിൽ ഒരോ പ്രസ്താവനകൾ നടത്തുകയുണ്ടായി.

17.12.2014-ന് നിയമസഭ പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ബിൽ മടക്കി അയച്ചുകൊണ്ടുള്ള ഗവർണ്ണറുടെ സന്ദേശം 11.05.2017-ന് സഭയെ അറിയിക്കുകയും തുടർന്ന് 17.05.2017-ന് പ്രസ്തുത ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം സഭ അംഗീകരിക്കുകയുമുണ്ടായി.

സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ യഥാസമയം മറുപടി ലഭ്യമാക്കുന്നില്ല എന്ന പരാതി വ്യാപകമായി ഉയർന്നുവന്ന സാഹചര്യത്തിലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി ഒന്നിലധികം തവണ ചെയറിന് കത്ത് നൽകുകയും ചെയ്ത സാഹചര്യത്തിലും ഇതുസംബന്ധിച്ച് ചെയർ വ്യക്തമായൊരു റൂളിംഗ് ഈ സമ്മേളനകാലത്ത് നൽകിയിരുന്നു. പ്രസ്തുത റൂളിംഗ് മുഖവിലയ്ക്കെടുത്തുകൊണ്ട് ഭരണപരമായ അസൗകര്യങ്ങൾ അനുഭവപ്പെടുന്നവ ഒഴികെയുള്ള പരമാവധി ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും അശ്രാന്തം പരിശ്രമിക്കുകയും ഒരു പരിധിവരെ വിജയിക്കുകയും ചെയ്തതായി കാണാൻ കഴിഞ്ഞിരിക്കുന്നു. ഇക്കാര്യത്തിലുള്ള ചെയറിന്റെ സന്തോഷം രേഖപ്പെടുത്തുന്നതോടൊപ്പം ഇനിയും മറുപടി ലഭ്യമാക്കാനുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി സമയബന്ധിതമായി ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

നിയമസഭാ മ്യൂസിയത്തിന്റെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് 23.05.2017-ന് സംഘടിപ്പിച്ച മ്യൂസിയം സന്ദർശനത്തിലും സാംസ്കാരിക പരിപാടിയിലും ഒട്ടേറെ അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷ പരിപാടികൾ സമുചിതമായി നടന്നുവരുന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിവുള്ളതാണല്ലോ. അതിന്റെ തുടർച്ചയായി 06.06.2017-ന് നിയമസഭയുടെ C.P.S.T യുടെയും താനൂർ

നിയോജകമണ്ഡലത്തിലെ വിവിധ സാംസ്കാരിക സംഘടനകളുടെയും ആഭിമുഖ്യത്തിൽ 'വജ്രകേരളം' എന്ന പേരിൽ ഒരു സാംസ്കാരിക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണർ പങ്കെടുക്കുന്ന പ്രസ്തുത ചടങ്ങിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നതാണ്. അതുപോലെ വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായുള്ള പ്രഭാഷണ പരമ്പരയിലെ രണ്ടാമത്തേതായി "പ്രകൃതി സംരക്ഷണത്തിലും സുസ്ഥിര വികസനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ മുൻ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേഷ് നടത്തുന്ന പ്രഭാഷണം 14.06.2017-ന് നിയമസഭാ മന്ദിരത്തിൽവച്ച് നടക്കുന്നതാണ്. മേൽ സൂചിപ്പിച്ച രണ്ടു ചടങ്ങുകളിലും പങ്കെടുക്കുവാൻ അംഗങ്ങൾ സൗകര്യം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമസഭയുടെ അറുപതാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് സെമിനാറുകൾ, പ്രദർശനങ്ങൾ, സ്കൂൾ പാർലമെന്റുകൾ, ഭരണഘടനാ ക്ലാസ്സുകൾ എന്നിവയും, പൊതുജനങ്ങളേയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വൈവിധ്യമാർന്ന പരിപാടികൾ എന്നിവയും നടത്താൻ ഉദ്ദേശിക്കുന്നു. ഇവയിലെല്ലാം ബഹുമാനപ്പെട്ട അംഗങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തവും സഹകരണവും അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ ഭരണ പ്രതിപക്ഷ ഭേദമന്യേ ഉന്നയിച്ച ഒരു കാര്യം കൂടി ഈ അവസരത്തിൽ സൂചിപ്പിക്കുവാൻ ചെയർ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ വിവിധ മന്ത്രിമാർക്ക് നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും യഥാസമയം മറുപടി ലഭിക്കുന്നില്ല എന്നതാണ് പൊതുവായ പരാതി. ഇത് ആരോഗ്യകരമായ ഒരു പ്രവണതയല്ലെന്ന കാര്യത്തിൽ സംശയമില്ല. ജനപ്രതിനിധികൾ എന്ന നിലയിൽ ജനങ്ങളുടെ ഇടയിൽ നിന്നും ഉയർന്നു വരുന്ന പ്രശ്നങ്ങളാണ് വിവിധ രൂപത്തിൽ അവർ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അപ്രകാരം വരുന്ന കത്തുകൾക്കും നിവേദനങ്ങൾക്കും യഥാസമയം മറുപടി നൽകുന്ന കാര്യത്തിൽ മാതൃകാപരമായ ഒരു സമീപനം എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും സ്വീകരിക്കണമെന്നതാണ് ഇക്കാര്യത്തിൽ ചെയറിന്റെ ഭാഗത്തുനിന്നുള്ള അഭിപ്രായം. അതോടൊപ്പം വിവിധ അധികാരസ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥരും ഇക്കാര്യം ഗൗരവപൂർവ്വം നടപ്പാക്കുന്നു എന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഉറപ്പാക്കണമെന്നും ചെയർ നിർദ്ദേശിക്കുന്നു.

ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ

കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.....ഓർഡർ...സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.50-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*****************************